● അനുസ്മരണം ●

## മിൻഹാസ്



**തൃക്കരിപ്പൂരിലെ** എസ്.ഐ.ഒ അനുഭാവിയായിരുന്നു മിൻഹാസ്. ബാംഗ്ലൂരിൽ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിന് പഠിച്ചുകൊണ്ടിരിക്കെയായിരുന്നു മരണം. ശാന്തശീലനായ മിൻഹാസ് അച്ചടക്കമുള്ള വിദ്യാർഥിയായിരുന്നു. സമപ്രായക്കാർക്ക് മാതൃകയായിരുന്നു. മാതാവ് ജ. ഇ തൃക്കരിപ്പൂർ ഹൽഖയിലെ അംഗമായ പി.പി റസിയ. പിതാവ് ദുബൈയിൽ ജോലി ചെയ്യുന്ന ഉമർ.

**സി.പി അബ്ദുൽഗഫൂർ തൃക്കരിപ്പൂർ**

## പി. മൊയ്തീൻ

**കോഴിക്കോട്** പേരാമ്പ്ര ഏരിയയിലെ പന്തിരിക്കര കാർകുൻ ഹൽഖയിലെ അംഗമായിരുന്നു പുറയങ്കോട്ടുമ്മൽ മൊയ്തീൻ(70). യാഥാസ്ഥിതിക ചുറ്റുപാടിൽ വളർന്ന അദ്ദേഹം 1970-കളുടെ ആദ്യത്തിൽ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. പന്തിരിക്കരയിൽ മസ്ജിദുൽഹുദക്കുവേണ്ടി സ്ഥലം വാങ്ങുന്നതിലും പള്ളി നിർമിക്കുന്നതിലും നേതൃപരമായ പങ്കുവഹിച്ചു. പ്രദേശത്തെ പ്രസ്ഥാന ചരിത്രം അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽനിന്ന് വായിച്ചെടുക്കാൻ കഴിയും. ശാന്തി ചാരിറ്റബ്ൾ ട്രസ്റ്റ് അംഗം, മസ്ജിദുൽ ഹുദ രക്ഷാധികാരി എന്നീ ചുമതലകൾ വഹിച്ചു.



**ഇബ്‌റാഹീം പന്തിരിക്കര**

## പാക്കത്ത് അബ്ദുസ്സലാം ഹാജി

**അലനല്ലൂർ** കണ്ണംകുണ്ടം കാർകുൻ ഹൽഖാ നാസിമായിരുന്നു പാക്കത്ത് അബ്ദുസ്സലാം ഹാജി(54). ദീർഘകാലത്തെ പ്രവാസ ജീവിതം മതിയാക്കി നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനായി മാറി. സ്വന്തം ജോലി പെട്ടെന്ന് ചെയ്തു തീർത്ത് അദ്ദേഹം ഇസ്‌ലാമിക പ്രവർത്തനത്തിന് കൂടുതൽ സമയം കണ്ടെത്തി. ജാതി-മത ഭേദമന്യേ എല്ലാവിഭാഗങ്ങളുമായും സൗഹൃദം സ്ഥാപിച്ചു. ഭാര്യ അലനല്ലൂർ വനിതാ ഹൽഖയിൽ അംഗമാണ്. നവാസ്, നിസാം, നജ്മത്തുന്നിസ എന്നിവർ മക്കൾ.